**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1365** **01-02-2024 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. വി. അൻവർ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | 2016 മുതൽ നാളിതുവരെ നിലമ്പൂർ മണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പ് മുഖേന നടപ്പാക്കിയ പദ്ധതികളുടെയും ചെലവഴിച്ച തുകയുടെയും വിവരങ്ങൾ വർഷം തിരിച്ച് ലഭ്യമാക്കാമോ; | (എ) | നിലമ്പൂർ മണ്ഡലത്തിൽ പുതിയ പദ്ധതികൾ തയ്യാറാക്കുന്നതിന്റെ ഭാഗമായി 2023 ഒക്ടോബറിൽ നിലമ്പൂർ എം.എൽ.എയുടെ അധ്യക്ഷതയിൽ യോഗം ചേരുകയും മലപ്പുറം ഡിറ്റിപിസിയോട് വിനോദസഞ്ചാര പദ്ധതികൾ തയ്യാറാക്കാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. തുടർന്ന് വഴിക്കടവിൽ വെൽക്കം ബോർഡും മോഡേൺ അമിനിറ്റി സെന്ററും ഉൾപ്പെടുത്തി പദ്ധതി തയ്യാറാക്കാനുള്ള നടപടികൾ ആരംഭിച്ചു. പദ്ധതി നിർദ്ദേശം തയ്യാറാക്കാൻ അംഗീകൃത ആർക്കിടെക്ടുമായി ചർച്ചകൾ നടത്തി വരുന്നു. |
| (ബി) | നിലമ്പൂർ മണ്ഡലത്തിലെ ഏതെല്ലാം ടൂറിസം പദ്ധതികളുടെ പ്രൊപ്പോസലുകളാണ് പരിഗണനയിലുള്ളതെന്നും മേൽ പ്രൊപ്പോസലുകളുടെ നിലവിലെ അവസ്ഥയും ഫയൽ ഏത് കാര്യാലയത്തിലാണ് നിലവിലുള്ളതെന്നും അറിയിക്കാമോ; | (ബി) | നിലമ്പൂർ മണ്ഡലത്തിൽ പുതിയ പദ്ധതികൾ തയ്യാറാക്കുന്നതിന്റെ ഭാഗമായി 2023 ഒക്ടോബറിൽ നിലമ്പൂർ എം.എൽ.എയുടെ അധ്യക്ഷതയിൽ യോഗം ചേരുകയും മലപ്പുറം ഡിറ്റിപിസിയോട് വിനോദസഞ്ചാര പദ്ധതികൾ തയ്യാറാക്കാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. തുടർന്ന് വഴിക്കടവിൽ വെൽക്കം ബോർഡും മോഡേൺ അമിനിറ്റി സെന്ററും ഉൾപ്പെടുത്തി പദ്ധതി തയ്യാറാക്കാനുള്ള നടപടികൾ ആരംഭിച്ചു. പദ്ധതി നിർദ്ദേശം തയ്യാറാക്കാൻ അംഗീകൃത ആർക്കിടെക്ടുമായി ചർച്ചകൾ നടത്തി വരുന്നു. |
| (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പാക്കുന്ന ടൂറിസം പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെയും, നേതൃത്വത്തോടെയും തദ്ദേശീയമായ വിനോദസഞ്ചാര സാധ്യതകളുള്ള ഡെസ്റ്റിനേഷനുകൾക്ക് അടിസ്ഥാന സൗകര്യം ഒരുക്കി നൽകുന്നതിലൂടെ വിനോദസഞ്ചാര വികസനം സാധ്യമാക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതിയാണ് **ഡെസ്റ്റിനേഷൻ ചലഞ്ച്.** ചുങ്കത്തറ, അമരമ്പലം, കരുളായി എന്നീ പഞ്ചായത്തുകളും നിലമ്പൂർ മുൻസിപ്പാലിറ്റിയുമായി ബന്ധപ്പെട്ട് |

| | | | |
|---|---|---|---|
| | | | ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതി തയ്യാറാക്കുന്നതിന് ജില്ലാതലത്തിൽ ചർച്ചകൾ നടത്തിയിട്ടുണ്ട്. |
| (ഡി) | തദ്ദേശ സ്ഥാപനങ്ങളുടെ ടൂറിസം പദ്ധതി പ്രൊപ്പോസലുകൾക്ക് പരമാവധി അനുവദിക്കുന്ന തുക എത്രയെന്നും ആയതിന്റെ നടപടിക്രമങ്ങളും വിശദമാക്കാമോ? | (ഡി) | തിരഞ്ഞെടുക്കപ്പെടുന്ന പ്രവൃത്തികൾക്ക് പദ്ധതി തുകയുടെ 60% (പരമാവധി 50 ലക്ഷം രൂപവരെ) വിനോദസഞ്ചാര വകുപ്പ് നൽകുന്നതാണ് ബാക്കിതുക അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കേണ്ടതാണ്. ഇതിനായി, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ 'പദ്ധതി റിപ്പോർട്ട്' ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയുടെ പോർട്ടലിൽ നിർദ്ദിഷ്ട മാതൃകയിൽ അപ് ലോഡ് ചെയ്യേണ്ടതും വിനോദസഞ്ചാര വകുപ്പ് ആവശ്യമായ പരിശോധനകൾ നടത്തി ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയുടെ നിബന്ധനകൾക്ക് വിധേയമായി ഭരണാനുമതി നൽകുന്നതുമാണ്.<br><br>27.07.2023 ലെ സ.ഉ.(സാധാ) നം. 371/2023/TSM നമ്പർ ഉത്തരവ് പ്രകാരം ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയിൽ വിനോദസഞ്ചാര വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും ഫണ്ടിനൊപ്പം എം.എൽ.എ മാരുടെ ആസ്തി വികസന ഫണ്ട് കൂടി വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ